കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലാ പഞ്ചായത്ത് -ഏറ്റുമാനൂർ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയത് - തുക കെ.എസ്.ഇ.ബിയ്ക്ക് നൽകുന്നതിന് പദ്ധതിരൂപീകരിക്കുന്നതിന് - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.1879/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 09.07.2018.

---

വായന:- 1. കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 23/01/2018 ലെ A2-3444/17-ാം നമ്പർ കത്ത്

2. 06/02/2018 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 4.19 നം. തീരുമാനം.

## ഉത്തരവ്

കോട്ടയം ജില്ലാ പഞ്ചായത്ത് സമ്പൂർണ്ണ വൈദ്യുതീകരണത്തിന് 2016-17 ൽ 75,15,036/- രൂപാ കെ.എസ്.ഇ.ബി യ്ക്ക് കൈമാറിയിരുന്നുവെന്നും ജില്ലയെ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയായി പ്രഖ്യാപിച്ചുവെന്നും എന്നാൽ ഏറ്റുമാനൂർ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയതിന് 20,01,240/- രൂപ കൂടി കെ.എസ്.ഇ.ബി യ്ക്ക് നൽകാനുള്ളതിനാൽ ഈ തുക നൽകാൻ പ്രോജക്ട് രൂപീകരിക്കുന്നതിന് അനുമതി നൽകണമെന്നും കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി വായന (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിശോധിച്ചു. കമ്മിറ്റിയുടെ വായന (2) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ പഞ്ചായത്ത് 2016-17 ൽ ഭവന സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയതിന്റെ ഭാഗമായി ഏറ്റുമാനൂർ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയതിന് കെ.എസ്.ഇ.ബി യ്ക്ക് നൽകാനുള്ള 20,01,240/- രൂപ നൽകാൻ പ്രോജക്ട് രൂപീകരിക്കുന്നതിന് കോട്ടയം ജില്ലാ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി/പ്രസിഡന്റ്, കോട്ടയം ജില്ലാ പഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ